# XI പ്രമേയം

പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ന് ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പതിനാലാം സമ്മേളനത്തിന്റെ കലണ്ടർ ഭാഗികമായി ഭേദഗതി ചെയ്യുന്നതിനും ജൂൺ 9 മുതൽ ജൂൺ 28 വരെ സഭ ചേരേണ്ടതില്ലെന്നും ജൂലൈ 6 മുതൽ ജൂലൈ 15 വരെ സഭ ചേരണമെന്നും ഈ സഭ തീരുമാനിക്കുന്നു. 2015 ജൂൺ 29, 30 ജൂലൈ 1,2, 6,7, 8, 9, 13, 14, 15, 20, 21 എന്നീ തീയതികളിൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പിനും ജൂലൈ 23-ന് ബഡ്ജറ്റിനെ സംബന്ധിക്കുന്ന ധനവിനിയോഗബില്ലിന്റെ പരിഗണനയും ജൂലൈ 28-ന് ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പിനും ജൂലൈ 29-ന് ഒരു മണിക്കൂർ ധനവിനിയോഗബില്ലിന്റെ പരിഗണനയും ജൂലൈ 22, 27, 29, 30 എന്നീ തീയതികളിൽ ഗവൺമെന്റ് കാര്യത്തിനും ജൂലൈ 10, 24 എന്നീ തീയതികളിൽ അനൗദ്യോഗിക അംഗങ്ങളുടെ കാര്യത്തിനും വിനിയോഗിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, മുഖ്യമന്ത്രി ഗവൺമെന്റിനുവേണ്ടി കൊണ്ടുവന്ന ബി.എ.സി.-യുടെ റിപ്പോർട്ട്, പ്രതിപക്ഷമെന്ന നിലയിൽ ഞങ്ങളോട് വരാൻ പറഞ്ഞു, വന്നു. പോകാൻ പറയുകയാണ്, പോകാം. അല്ലാതെ ഇത് മാറ്റുന്നതിന്റെ കാരണം പറഞ്ഞത് തെരഞ്ഞെടുപ്പ് എന്നാണ്. തെരഞ്ഞെടുപ്പായാലും ഇവിടെ സഭയിൽ പങ്കെടുത്തിട്ട് വൈകുന്നേരം തെരഞ്ഞെടുപ്പ് യോഗത്തിലും പങ്കെടുക്കാം. അത് ഒരു അസൗകര്യമായി ഞങ്ങൾ കരുതുന്നില്ല. പക്ഷേ ഗവൺമെന്റിന് ഭൂരിപക്ഷമുള്ളതുകൊണ്ട് അതനുസരിച്ച് തീരുമാനം വരുന്നു എന്നുള്ളതുകൊണ്ട് മാത്രം അനുകൂലിക്കാം.

മി. സ്പീക്കർ: മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly